## ഗാർഹികാന്വേഷണം നടത്തിയില്ല: അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിന് പിരിച്ചുവിട്ട തൊഴിലാളികളെ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണം

### ബോംബെ ഹൈക്കോടതി

W.P. No. 2993/2020 Dt. 5.3.2020

ഗ്രൂപ്പ് ഫോർ സെക്യൂരിറ്റി സർവീസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

x

ഔറംഗബാദ് മസ്ദൂർ യൂണിയൻ

സ്ഥാപനത്തിൽ 1997-ൽ ജോലിയിൽ പ്രവേശിച്ച ഒരു തൊഴിലാളിയെയും 2003-ൽ ജോലിക്ക് നിയമിക്കപ്പെട്ട മറ്റൊരു തൊഴിലാളിയെയും 1.6.2010 മുതൽ ജോലി ചെയ്യാൻ മേനേജ്മെന്റ് അനുവദിച്ചില്ല. തൊഴിലാളികൾ അഴിമതി നടത്തിയെന്നും, മേലുദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറിയെന്നും സർവ്വോപരി അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നുവെന്നും മറ്റും ആരോപിച്ചാണ് മേനേജ്മെന്റ് അവരെ പുറത്താക്കിയത്. മേനേജ്മെന്റ് ഗാർഹികാന്വേഷണം നടത്തുകയോ രേഖാമൂലം തൊഴിലാളികളെ പിരിച്ചുവിടുകയോ ചെയ്തില്ല. ഇത് സംബന്ധിച്ച് തൊഴിലാളികൾ അനുരഞ്ജനോദ്യോഗസ്ഥൻ മുമ്പാകെ പരാതി നല്കിയെങ്കിലും ചർച്ചയിൽ പങ്കെടുക്കാൻ തൊഴിലാളികൾ ഹാജരായില്ല. തുടർന്ന് തൊഴിലാളികളുടെ പരാതി വ്യവസായ തർക്കമായി സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. ജോലി ചെയ്യാൻ ഹാജരായിട്ടും മേനേജ്മെന്റ് തങ്ങളെ അനുവദിച്ചില്ലെന്ന് തൊഴിലാളികൾ ചൂണ്ടിക്കാട്ടി. കുറെ നാൾ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്ന തൊഴിലാളികൾ ജോലി സ്വമേധയാ ഉപേക്ഷിച്ചതാണെന്നും അവരെ തങ്ങൾ പിരിച്ചുവിട്ടിട്ടില്ലെന്നും മേനേജ്മെന്റ് വാദിച്ചു. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ, ജോലി ഉപേക്ഷിക്കൽ, അഴിമതി കാണിക്കൽ, അപമര്യാദയായി പെരുമാറൽ എന്നിങ്ങനെയുള്ള പെരുമാറ്റദൂഷ്യങ്ങൾ ഗാർഹികാന്വേഷണത്തിലൂടെ തെളിഞ്ഞിട്ടില്ലെന്നു കണ്ട ലേബർ കോടതി തൊഴിലാളികളെ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുകയും ജോലി ഉപേക്ഷിച്ചു പോകുകയും ചെയ്ത തൊഴിലാളികളെ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് വിധിച്ചത് തെറ്റും അന്യായവുമാണെന്ന് മേനേജ്മെന്റ് വാദിച്ചു. തങ്ങൾ ജോലിക്ക് ഹാജരായിട്ടും ജോലി ചെയ്യാൻ മേനേജ്മെന്റ് അനുവദിക്കാതിരുന്നതാണെന്ന് തൊഴിലാളികൾ ബോധിപ്പിച്ചു. പെരുമാറ്റദൂഷ്യം ആരോപിച്ചാൽ അത് ഗാർഹികാന്വേഷണത്തിലൂടെ തെളിയിക്കാതെ അച്ചടക്ക നടപടി കൈക്കൊണ്ടത് നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. തൊഴിലാളികൾ ജോലിക്ക് ഹാജരാകാതിരുന്നാൽ മേനേജ്മെന്റിന് മൂകസാക്ഷിയായി നോക്കിനില്ക്കാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കാതെ തൊഴിലാളികളെ പിരിച്ചുവിട്ടത് ന്യായീകരിക്കാനാവില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.